# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1258 | 11.06.2019-ൽ മറുപടിക്ക് |

**<u>മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിനുവേണ്ടി എം.എൽ.എ. ആസ്തി വികസന ഫണ്ട് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തി വികസനഫണ്ടിൽ നിന്നും 25,00,000/-രൂപ അനുവദിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | ബി) | നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ലെവൽവരെ എത്തി. എന്നാൽ ചില അധികജോലികൾ കൂടി ചെയ്യേണ്ടിവന്നതിനാൽ, അനുവദിച്ച തുകയ്ക്ക് നിർമ്മാണം പൂർത്തീകരിക്കാനായിട്ടില്ല. |
| സി) | കെട്ടിടനിർമ്മാണം പൂർത്തീകരിക്കുവാൻ ബാക്കി വരുന്ന തുക വകുപ്പ് തലത്തിൽ കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| ഡി) | നിലവിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എത്ര രൂപയാണ് പ്രതിവർഷം വാടക ഇനത്തിൽ നൽകേണ്ടി വരുന്നത് എന്ന് വെളിപ്പെടുത്തുമോ? | ഡി) | അതെ. 43,008/- രൂപയാണ് പ്രതിവർഷ വാടക. |

സെക്ഷൻ ഓഫീസർ